# പി. ഭാസ്കരൻ തൊട്ടതെല്ലാം പൊന്നാക്കിയ പ്രതിഭ: പ്രഭാവർമ

**തിരുവനന്തപുരം:** തൊട്ടതെല്ലാം പൊന്നാക്കിയ പ്രതിഭാശാലിയായിരുന്നു പി. ഭാസ്കരൻ എന്നു കവിയും ഗാനരചയിതാവുമായ പ്രഭാവർമ അഭിപ്രായപ്പെട്ടു. കേന്ദ്രസാഹിത്യ അക്കാദമി വിമെൻസ് കോളജുമായി ചേർന്നു സംഘടിപ്പിച്ച രണ്ടു ദിവസത്തെ പി. ഭാസ്കരൻ ജന്മശതാബ്ദി ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യമനസിനെ ആഴത്തിൽ തൊടുന്നതായിരുന്നു പി.ഭാസ്കരന്റെ കവിതയും ചലച്ചിത്രഗാനവും. മലയാളസിനിമയുടെ ദൃശ്യസംസ്കാരത്തിൽ അടിമുടി മാറ്റം വരുത്തുന്നതായിരുന്നു അദ്ദേഹം കൂടി സംവിധാനം ചെയ്ത നീലക്കുയിൽ. ഇന്നും പലരും അറിയാത്ത രാഷ്ട്രീയ പ്രവർത്തനത്തിന്റെ നാളുകൾ അദ്ദേഹത്തിനുണ്ടായിരുന്നു. പുതിയ തലമുറ പി. ഭാസ്കരനെ ആഴത്തിൽ പഠിക്കണമെന്നും പ്രഭാവർമ പറഞ്ഞു. ഗാനങ്ങളിൽ കേരളീയതയെ എല്ലാ അർത്ഥത്തിലും സമഗ്രതയിൽ ആവിഷ്കരിച്ച കവിയായിരുന്നു പി.ഭാസ്കരൻ എന്ന് മുഖ്യപ്രഭാഷണം നടത്തിയ കവിയും ഗാനരചയിതാവുമായ കെ. ജയകുമാർ പറഞ്ഞു.



**പി.ഭാസ്കരൻ ജന്മശതാബ്ദി ദേശീയ സെമിനാർ തിരുവനന്തപുരം വിമെൻസ് കോളജിൽ കവിയും ഗാനരചയിതാവുമായ പ്രഭാവർണ ഉദ്ഘാടനം ചെയ്യുന്നു.**

കോളജ് പ്രിൻസിപ്പൽ ജെ.എസ്. അനില അധ്യക്ഷയായി. സാഹിത്യ അക്കാദമി ഉപദേശക സമിതി അംഗങ്ങളായ ഡോ. സാബു കോട്ടുക്കൽ, ഡോ.ടി.കെ. സന്തോഷ് കുമാർ, മലയാള വിഭാഗം മേധാവി ഡോ.വി. ലാലു, കോളജ് ഐക്യു എസി കോ-ഓർഡിനേറ്റർ ഡോ. എസ്.കെ. ഗോഡ്വിൻ എന്നിവർ പ്രസംഗിച്ചു. കഥാകൃത്ത് എൻ. രാജൻ, കവികളായ സാവിത്രി രാജീവൻ, വീരാൻകുട്ടി, വിജയരാജമല്ലിക, നിരൂപകരായ എം.കെ.ഹരികുമാർ, ഡി.പി. അജി എന്നിവർ പി.ഭാസ്കരന്റെ കാവ്യലോകത്തെപ്പറ്റി പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പി.ഭാസ്കരന്റെ ഗാനലോകത്തെപ്പറ്റി ഇന്നു നടക്കുന്ന സെമിനാറിൽ മഞ്ചു വെള്ളായണി, പി. എൻ.ഗോപീകൃഷ്ണൻ, ഇ. ജയകൃഷ്ണൻ, ടി.പി. ശാസ്തമംഗലം, ബി.രാമചന്ദ്രൻ പിള്ള, പി. സുഭാഷിണി തങ്കച്ചി, അശോകൻ പുതുപ്പാടി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. സമാപന സമ്മേളനം എഴുത്തുകാരൻ ഡോ.ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യും.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എം. സത്യൻ അധ്യക്ഷത വഹിക്കും.